**Malappuram District Police**

**<u>മഞ്ചേരി / MANJERI (18.08.2018)</u>**

Kerala police have arrested two from Cameroon who were behind the hi-tech online fraud. Most notorious criminals namely Akumbe Boma  Njiwah (28) and Langji Kilian Keng (27) were arrested from Hyderabad.

The accused are booked for making fake websites of various companies to cheat people through online shopping. They used to convince customers by providing fake license and documents of the product. They make the people pay online and ask customers to pay an amount as insurance for their product by assuring them that this amount will be refunded. The people will meet huge loss by paying this amount
The two were nabbed after a Manjeri native lodged a complaint with the police about the fraud.
The first accused has been cheating the people from Hyderabad and the other one operated the fraud from Cameroon. The second accused reached India a few days back.
According to police, many people in Gujarat, Telengana, Andhra Pradesh, Goa, Madhya Pradesh, Tamil Nadu, Maharashtra were victims of the fraud. Kerala police have alerted the police in these states on the fraud case.
The fraudsters also targeted people in Germany, Russia, Canada and Vietnam.
***************************************************************************************************

ഹൈടെക് സാങ്കേതിക വിദ്യകളുപയോഗിച്ച് വിവിധ രീതിയിലുള്ള ഓൺലൈന് തട്ടിപ്പുകള് നടത്തിവരികയായിരുന്ന കാമറൂണ് നോർത്ത് വെസ്റ്റ് റീജ്യൻ സ്വദേശികളായ അകുംബെ ബോമ ഞ്ചിവ (28 വയസ്സ്), ലാങ്ജി കിലിയൻ കെങ് (27 വയസ്സ്) എന്നിവരെയാണ് മഞ്ചേരി പോലീസ് ഹൈദരാബാദിൽ നിന്നും അതിസാഹസികമായി അറസ്റ്റ് ചെയ്തത്.

<u>തട്ടിപ്പിന്റെ വഴികൾ</u>

- വിവിധ കമ്പനികളുടേതെന്ന വ്യാജേന വെബ്സൈറ്റുകൾ തയ്യാറാക്കി പലതരം ഉത്പന്നങ്ങൾ വില്പനക്കെന്ന പേരിൽ പരസ്യം ചെയ്യുകയാണ് ആദ്യം ചെയ്യുന്നത്.
- ഇവരുടെ വെബ്സൈറ്റിൽ ആരെങ്കിലും ഉത്പന്നങ്ങൾക്കായി സെർച്ച് ചെയ്താൽ ഉടനടി ഇവർക്ക് മെസേജ് ലഭിക്കുകയും ഇവര് ഇമെയില് മുഖാന്തിരമോ വിർച്വൽ നമ്പറുകൾ മുഖാന്തിരമോ ഇരകളെ ബന്ധപ്പെടും
- ഇര ഉത്പന്നം വാങ്ങാൻ തയ്യാറാണെന്ന് തോന്നിയാല് കമ്പനികളുടേതാണെന്ന് വിശ്വസിപ്പിക്കുന്നതിന് വ്യാജമായി ലൈസൻസുകളും ഇതര രേഖകളും തയ്യാറാക്കി അയച്ചുകൊടുക്കും
- പിന്നീട് ഉത്പന്നത്തിന്റെ വിലയുടെ നിശ്ചിത ശതമാനം അഡ്വാൻസായി വിവിധ ബാങ്ക് അക്കൌണ്ടുകളിലേക്ക് നിക്ഷേപിക്കാൻ ആവശ്യപ്പെടും
- പണം അടവാക്കിയാൽ ഇര വാങ്ങാന് ഉദ്ദേശിക്കുന്ന ഉത്പന്നം കൊറിയർ ചെയ്തതായും അതിന്റെ കൺസൈൻമെന്റ് നമ്പർ ഇന്നതാണെന്നും കാണിച്ച് മെസേജ് അയക്കും.

- പ്രതികൾ തന്നെ വിവിധ കൊറിയര് കമ്പനികളുടേതെന്ന വ്യാജേന തയ്യാറാക്കിയ വെബ്സൈറ്റുകളിൽ ഈ കൺസൈൻമെന്റ് നമ്പര് ട്രാക്ക് ചെയ്യാനാകുമെന്നതിനാൽ ഇത് പരിശോധിക്കുന്ന ഇരക്ക് കൂടുതല് വിശ്വാസം തോന്നും
- ഏതാനും ദിവസങ്ങൾക്ക് ശേഷം കൊറിയര് കമ്പനിയിൽ നിന്നെന്ന മട്ടിൽ നിങ്ങൾക്കുള്ള കൊറിയര് പാക്കിംഗ് മോശമാണെന്നും അതിന് ഇൻഷുറൻസായി നിശ്ചിത തുക അടക്കണമെന്നും ഈ പണം റീഫണ്ട് ചെയ്യുമെന്നും കാണിച്ച് ഇരക്ക് മെസേജ് ലഭിക്കും
- ഇതും വിശ്വസിക്കുന്ന ഇര വീണ്ടും പണം അടക്കുകയും ഭീമമായ സാമ്പത്തിക നഷ്ടം സംഭവിക്കുകയും ചെയ്യുന്നു
- <u>കേസിനാസ്പദമായ സംഭവം</u>
- മഞ്ചേരി സ്വദേശിയായ ഹോൾസെയിൽ മരുന്ന് വിപണന കേന്ദ്രത്തിലേക്ക് ആവശ്യമായ വിലപിടിപ്പുള്ള മരുന്ന് വെബ്സൈറ്റിൽ സെർച്ച് ചെയ്തതിനെ തുടർന്ന് ബന്ധപ്പെട്ട പ്രതികള് ഇപ്രകാരം പരാതിക്കാരനില് നിന്നും ഒന്നേകാല് ലക്ഷത്തോളം രൂപ തട്ടിയെടുത്ത കാര്യത്തിന് മഞ്ചേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റര് ചെയ്ത കേസിന്റെ അന്വേഷണത്തിലാണ് പ്രതികൾ പിടിയിലാകുന്നത്.
- പോലീസ് സാന്നിദ്ധ്യം തിരിച്ചറിഞ്ഞാൽ പ്രതികള് രക്ഷപ്പെടാനും തെളിവുകൾ നശിപ്പിക്കാനും മറ്റും സാധ്യതയുണ്ടെന്നതിനാല് പ്രദേശവാസികളുടേയും മറ്റും സഹായത്തോടെ അതീവ രഹസ്യമായി നിരീക്ഷണം നടത്തി പ്രതികളുടെ വാസസ്ഥലം തിരിച്ചറിഞ്ഞ ശേഷമാണ് ഓപ്പറേഷൻ നടത്തിയത്.
- പ്രതികളിൽ നിന്നും നിരവധി മൊബൈല് ഫോണുകൾ, സിം കാർഡുകൾ, റൂട്ടറുകൾ, ലാപ്ടോപ്പുകൾ തുടങ്ങി നിരവധി സാധനങ്ങള് പിടിച്ചെടുത്തിട്ടുണ്ട്.
- ഗുജറാത്ത്, ആന്ധ്രപ്രദേശ്, തെലങ്കാന, തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങി വിവിധ സംസ്ഥാനങ്ങളിലുള്ളവരും, ജർമ്മനി, റഷ്യ തുടങ്ങിയ രാജ്യക്കാരും ഇവരുടെ തട്ടിപ്പിനിരയായിട്ടുണ്ടെന്ന് വിവരം ലഭിച്ചിട്ടുണ്ട്.

  മലപ്പുറം ജില്ലാ പോലീസ് മേധാവി പ്രതീഷ് കുമാറിന്റെ നിർദ്ദേശപ്രകാരം DySP ജലീൽ തോട്ടത്തിൽ, CI എൻ.ബി. ഷൈജു, SI ജലീൽ കറുത്തേടത്ത് എന്നിവരുടെ മേൽനോട്ടത്തിൽ സൈബര് ഫോറൻസിക് ടീം അംഗം എൻ.എം. അബ്ദുല്ല ബാബു, SIT അംഗങ്ങളായ കെ.പി. അബ്ദുൽ അസീസ്, ശശികുമാർ അമ്പാളി എന്നിവരാണ് ഹൈദരാബാദിൽ നിന്നും പ്രതികളെ അറസ്റ്റ് ചെയ്തത്.